ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്)
തൃശ്ശൂർ



# ഫോക്കസ് 2021

## എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള പഠന സഹായി

## സാമൂഹ്യശാസ്ത്രം

District Institute of Education and Training
Ramavarmapuram (P.O), Thrissur (Dist(, Kerala, Pin : 680631
Ph : 0487 2332070, Email : diettcr@gmail.com
Web : www.dietthrissur.org

**ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ് ) തൃശൂർ.**

# ഫോക്കസ് 2021.

## എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പഠന സഹായി.

## Support Materials for SSLC March 2021.

**അക്കാദമിക സഹായം.**

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട്.

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ഇടുക്കി.

നിർമ്മാണ ചുമതല : സി എം ഡി ഇ വിഭാഗം ഡയറ്റ് തൃശൂർ.

**പ്രസിദ്ധീകരിച്ചത് : 2021 ഫെബ്രുവരി.**

പ്രിയ കുട്ടികളേ,

സ്കൂളിൽ പോയി കൂട്ടുകാരോടൊപ്പമിരുന്ന് അധ്യാപകരുടെ ക്ലാസ്സുകൾ കേൾക്കാനും പഠന പ്രവർത്തനങ്ങൾ നിർവ്വഹിക്കാനും കഴിയാത്ത ഒരു അധ്യയന വർഷമാണ് കടന്നു പോകുന്നത്. ലോകത്തെ മുഴുവൻ ഗ്രസിച്ച കോവിഡ് 19 രോഗബാധ നമ്മുടെ സാധാരണ അധ്യയന രീതികളെയാകെ പുനഃസംവിധാനം ചെയ്യാൻ പ്രേരിപ്പിച്ചു. സംസ്ഥാനതലത്തിൽ ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസ്സുകൾ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയും അധ്യാപകരുടെ പിന്തുണയോടെ പഠന പ്രകിയ പൂർത്തിയാക്കുകയുമാണ് നാം ചെയ്തത്. ഇനിയുള്ളത് കുട്ടികളുടെ സംശയ പരിഹരണത്തിനും പരീക്ഷാ തയ്യാറെടുപ്പിനു മായുള്ള ദിനങ്ങളാണ്. ആത്മവിശ്വാസത്തോടെ എസ്.എസ്.എൽ.സി.പരീക്ഷ നേരിടുന്നതിനായി കുട്ടികളെ സുസജ്ജരാക്കേണ്ടതുണ്ട്. പരീക്ഷയ്ക്കായി കൂടുതൽ ഊന്നൽ നൽകി പഠിക്കേണ്ട പാഠ ഭാഗങ്ങൾ എസ്.സി.ആർ.ടി.നിർദേശിച്ചിട്ടുണ്ട്.

തൃശൂർ ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ കോഴിക്കോട്, ഇടുക്കി ഡയറ്റുകളുടെ സഹകരണത്തോടെ എസ്.എസ്.എൽ.സി. ഫോക്കസ് ഏരിയകളെ ആധാരമാക്കിയുള്ള പ്രവർത്തനങ്ങൾ അടങ്ങിയ പഠന സഹായി തയ്യാറാക്കിയിരിക്കുകയാണ്. പരീക്ഷയുടെ തയ്യാറെടുപ്പുകൾക്കായി നേരിട്ട് അധ്യയനം ആരംഭിച്ച സാഹചര്യത്തിൽ പഠന പ്രവർത്തനങ്ങൾക്കായി അധ്യാപകരും വിദ്യാർത്ഥികളും **"ഫോക്കസ് 2021"** പഠന സഹായി ഫലപ്രദമായി ഉപയോഗിക്കുമെന്നും അത് അവരെ വിജയത്തിലേക്ക് നയിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ശ്രീമതി എൻ.ഗീത**
വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശൂർ

**ശ്രീ. ടി .അബ്ദുൾ നാസിർ**
പ്രിൻസിപ്പൽ,ഡയറ്റ്
തൃശൂർ

# സാമൂഹ്യശാസ്ത്രം

# സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | അധ്യായങ്ങൾ | പ്രത്യേക ശ്രദ്ധ നൽകുന്ന മേഖലകൾ |
|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>(Page: 2 - 9) | • അമേരിക്കൻ സ്വാതന്ത്ര്യ സമരം<br>• ഫ്രഞ്ചു വിപ്ലവം<br>• റഷ്യൻ വിപ്ലവം |
| 2 | സമരവും സ്വാതന്ത്ര്യവും<br>(Page: 10 - 13) | • ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ<br>• നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും<br>• പൂർണ സ്വരാജും സിവിൽ നിയമ ലംഘനവും<br>• ബ്രിട്ടീഷുകാർ ഇന്ത്യ വിടുക<br>• സുഭാഷ്ചന്ദ്രബോസ് |
| 3 | സ്വാതന്ത്ര്യാനന്തര ഇന്ത്യ<br>(Page: 14 - 17) | • നാട്ടുരാജ്യങ്ങളുടെ സംയോജനം<br>• ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ<br>• വിദ്യാഭ്യാസം<br>• വിദേശനയം |
| 4 | പൊതുഭരണം<br>(Page: 18- 21) | • പൊതുഭരണം<br>• പൊതുഭരണത്തിന്റെ പ്രാധാന്യം<br>• ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ<br>• ഇന്ത്യൻ സിവിൽ സർവീസ്<br>• ഇ-ഗവേണൻസ് |
| 5 | മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ<br>(Page: 22 - 26) | • മാനവ വിഭവം<br>• മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ<br>• വിദ്യാഭ്യാസവും മാനവ വിഭവശേഷി വികസനവും<br>• മാനവ വിഭവശേഷി വികസനവും ആരോഗ്യ പരിപാലനവും |
| 6 | ഋതുഭേദങ്ങളും സമയവും<br>(Page: 27 - 30) | • സൂര്യന്റെ അയനവും ഋതുക്കളും<br>• ഭ്രമണവും, സമയ നിർണയവും ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം, ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം, അന്താരാഷ്ട്ര ദിനാങ്ക രേഖ |
| 7 | വൈവിധ്യങ്ങളുടെ ഇന്ത്യ<br>(Page: 31 - 37)<br><br>ഭൂപടം | • ഹിമവൽ ഭൂവിൽ - ട്രാൻസ് ഹിമാലയം, ഹിമാലയം, കിഴക്കൻ മലനിരകൾ, ഉത്തര പർവ്വതമേഖലയുടെ പ്രാധാന്യം<br>• ഹിമാലയൻ നദികൾ<br>• ഉപദ്വീപിയൻ നദികൾ<br>• പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം<br>• പർവതനിരകൾ, നദികൾ, പീഠഭൂമികൾ |

## സോഷ്യൽ സയൻസ് – 1

## യൂണിറ്റ് – 1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന മുദ്രാവാക്യം പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്നതായിരുന്നു.**
**(ജെയിംസ് ഓട്ടിസ്)**

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങൾ**

- ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകന്മാരുടെ സ്വാധീനം

### മെർക്കന്റലിസവും മെർക്കന്റലിസ്റ്റ് നിയമങ്ങളും

**മെർക്കന്റലിസം**

അമേരിക്കൻ കോളനികളിൽ ബ്രിട്ടീഷ് കച്ചവടക്കാർ നടപ്പിലാക്കിയ നയം

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

- ♦ കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ ആയിരിക്കും
- ♦ കോളനികളിൽ ഉൽപാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയ ഉൽപ്പന്നങ്ങൾ ഇംഗ്ലണ്ടിൽ നിന്നു മാത്രമേ കയറ്റി അയക്കാവൂ.
- ♦ കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പു പതിക്കണം.
- ♦ കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ സർവ ചെലവുകളും കോളനിക്കാർ നൽകേണ്ടതാണ്.
- ♦ കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്സ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തെ സ്വാധീനിച്ച ചിന്തകർ**

അമേരിക്കൻ ചിന്തകർ
- ജോൺ ലോക്ക്
- തോമസ് പെയിൻ

**അമേരിക്കൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ.**

**ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ് (1774)**

- 1774-ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.
- വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ എടുത്തു കളയുക, തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്താതിരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.

**രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്സ് (1775)**

- 1775-ൽ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- ജോർജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.
- തോമസ് പെയിൻ തന്റെ കോമൺസെൻസ് എന്ന ലഘുലേഖയിലൂടെ അമേരിക്ക ഇംഗ്ലണ്ടിൽ നിന്നും വേർപിരിയുകയാണെന്ന് പ്രഖ്യാപിച്ചു.

**അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം**

- 1776 ജൂലായ് 4നു മൂന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സിൽ ലോക പ്രശസ്തമായി അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.
- തോമസ് ജെഫേഴ്സൻ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ എന്നിവരാണ് സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കിയത്.
- സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെ ഇംഗ്ലണ്ടും അമേരിക്കൻ കോളനികളും തമ്മിലാരംഭിച്ച യുദ്ധം 1781-ൽ അവസാനിച്ചു.

**13 കോളനികൾ സ്വതന്ത്രമാവുന്നു.**

- 1783 ലെ പാരീസ് ഉടമ്പടിയിലൂടെ 13 അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം ഇംഗ്ലണ്ട് അംഗീകരിച്ചു.
- ജെയിംസ് മാഡിസന്റെ നേതൃത്വത്തിൽ അമേരിക്കയ്ക്ക് പുതിയ ഭരണഘടന തയ്യാറാക്കി.
- അമേരിക്കൻ ഐക്യനാടുകളുടെ ആദ്യ പ്രസിഡന്റായി ജോർജ് വാഷിംങ്ടൺ തെരഞ്ഞെടുക്കപ്പെട്ടു.



## ചോദ്യങ്ങൾ

1. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
2. മെർക്കന്റലിസം എന്നാൽ എന്ത്? മെർക്കന്റലിസ്റ്റ് നിയമങ്ങൾ വിശദമാക്കുക?

അമേരിക്കൻ കോളനികളിൽ ബ്രിട്ടീഷ് കച്ചവടക്കാർ നടപ്പിലാക്കിയ നയം - 5 നിയമങ്ങൾ

3. അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ സ്വാധീനിച്ച ചിന്തകർ ആരെല്ലാം?

   1. ജോൺ ലോക്ക് 2. തോമസ് പെയ്ൻ

4. അമേരിക്കൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ വിശദമാക്കുക.

   1774 - ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സ്

   - വ്യവസായത്തിലും വ്യാപാരത്തിലും ഉള്ള നിയന്ത്രണം എടുത്തു കളയുക
   - പ്രാതിനിധ്യമില്ലാതെ നികുതിയില്ല.

   1775 - രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്

   ഫിലാഡൽഫിയ - ജോർജ്ജ് വാഷിംഗ്ടണിനെ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.

   1776 - ജൂലായ് 4 - അമേരിക്കൻ സ്വാതന്ത്ര്യസമര പ്രഖ്യാപനം നടത്തി

   1781 - ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധം അവസാനിച്ചു.

   1783 - പാരീസ് ഉടമ്പടി- കോളനികൾ സ്വതന്ത്രമായി - ജെയിംസ് ഹാഡിസൺ

പുതിയ ഭരണഘടന തയ്യാറാക്കി - ജോർജ്ജ് വാഷിംഗ്ടൺ ആദ്യത്തെ പ്രസിഡണ്ട്.

5. അമേരിക്കൻ സ്വാതന്ത്ര്യ സമരം ലോകത്തെ സ്വാധീനിച്ചതെങ്ങിനെ?
6. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച പ്രധാന സംഭവങ്ങൾ വിശദമാക്കുക.

   (1. തെറ്റായ നികുതി നയം, 2. മെർക്കന്റലിസ്റ്റ് നിയമങ്ങൾ, 3. ചിന്തകരുടെ സ്വാധീനം, 4. പ്രധാന സംഭവങ്ങൾ)

## ഫ്രഞ്ചുവിപ്ലവം

**ഫ്രഞ്ചുവിപ്ലവത്തിന്റെ കാരണങ്ങൾ വിശദമാക്കുക.**

എ) ഫ്രാൻസിലെ ഭരണ സമ്പ്രദായം

- ഏകാധിപത്യഭരണമാണ് നിലനിന്നത്.
- ഭരണാധികാരികൾ ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതമാണ് നയിച്ചത്.

ബി) ഫ്രഞ്ച് സമൂഹം - മൂന്ന് തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.

- അവ എസ്റ്റേറ്റുകൾ എന്നറിയപ്പെട്ടു.

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| **പുരോഹിതൻമാർ** | **പ്രഭുക്കൻമാർ** | **മധ്യവർഗ്ഗം** |
| | | സാധാരണക്കാർ |
| ♦ നികുതി നൽകിയിരുന്നില്ല | ♦ വിശാലമായ ഭൂപ്രദേശം | ♦ നികുതി ഭാരം |
| ♦ ഭൂപ്രദേശം കൈവശം വച്ചു | ♦ ആഢംബര ജീവിതം | ♦ ദുരിതപൂർണ്ണമായ ജീവിതം |
| ♦ കർഷകരിൽനിന്ന് നികുതി പിരിച്ചു | ♦ നികുതി നൽകിയിരുന്നില്ല | |
| ♦ ആഢംബര ജീവിതം | ♦ സൈനിക സേവനം | |
| **അവകാശങ്ങൾ** | | |
| ♦ ധാരാളം ഭൂപ്രദേശം കൈവശം വച്ചിരുന്നു | ♦ വിശാലമായ ഭൂപ്രദേശം കൈവശം വച്ചു. | |
| ♦ കർഷകരിൽ നിന്ന് തിഥെ എന്ന പേരിൽ നികുതി പിരിച്ചിരുന്നു | ♦ ആഢംബര ജീവിതം നയിച്ചു | ♦ പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം |
| ♦ ഉയർന്ന പദവികൾ | ♦ സൈനിക സേവനം നടത്തി | ♦ ഭരണത്തിൽ ഒരവകാശവുമില്ല |
| | ♦ വേതനം നൽകാതെ കർഷകരെ കൊണ്ട് പണിയെടുപ്പിച്ചു | ♦ തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിനു നൽകണം |

## ഫ്രഞ്ചു വിപ്ലവത്തെ സ്വാധീനിച്ച ചിന്തകർ ആരെല്ലാം?

വോൾട്ടയർ - പുരോഹിതൻമാരുടെ ചൂഷണത്തെ പരിഹസിച്ചു. യുക്തി ചിന്ത, സമത്വം, മനുഷ്യ സ്നേഹം

റൂസ്സോ - ജനങ്ങളാണ് പരമാധികാരി എന്ന് പ്രഖ്യാപിച്ചു. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ ചങ്ങലകളാൽ ബന്ധിതനാണെന്ന് പറഞ്ഞു.

മൊണ്ടസ്ക്യൂ - ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു. ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു

## ടെന്നീസ് കോർട്ട് പ്രതിജ്ഞ

- 1789-ൽ ലൂയി പതിനാറാമൻ ജനപ്രതിനിധിസഭയായ സ്റ്റേറ്റ് ജനറൽ വിളിച്ചു ചേർത്തു.
- രണ്ട് എസ്റ്റേറ്റുകളും ആവശ്യം നിരാകരിച്ചു.
- മൂന്നാം എസ്റ്റേറ്റ് തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലി എന്നു പ്രഖ്യാപിച്ചു.
- അവർ അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ഫ്രാൻസിനായി ഒരു ഭരണഘടന തയ്യാറാക്കിയതിനു ശേഷം മാത്രമേ പിരിയുകയുള്ളൂ എന്ന് അവർ പ്രതിജ്ഞ ചെയ്തു.

## ഫ്രഞ്ചുവിപ്ലവത്തിലെ പ്രധാന സംഭവങ്ങൾ

1789 ജൂലൈ 14 (ബാസ്റ്റിൻ ജയിലിന്റെ പതനം. ഫ്രഞ്ചു വിപ്ലവത്തിന്റെ ആരംഭം) - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് വിപ്ലവകാരികൾ ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തു. ഇത് ഫ്രഞ്ചു വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നു.

1789 ആഗസ്റ്റ് 12 - ദേശീയ അസംബ്ലി മനുഷ്യാവകാശ പ്രഖ്യാപനം നടത്തി

| | |
|---|---|
| 1789 ഒക്ടോബർ | പാരീസ് നഗരത്തിലെ ആയിരക്കണക്കിനു സ്ത്രീകൾ 'ഭക്ഷണം വേണം' എന്ന മുദ്രാവാക്യവുമായി വെഴ്സായ് കൊട്ടാരത്തിലേക്കു പ്രകടനം നടത്തി |
| 1792 സംപ്റ്റംബർ | പുതുതായി രൂപീകരിച്ച ഭരണഘടനയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ദേശീയ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. |

ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലങ്ങൾ

- ♦ പിൽക്കാലത്തു ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
- ♦ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം പ്രചരിപ്പിച്ചു.
- ♦ യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം കുറിച്ചു.
- ♦ മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- ♦ ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി
- ♦ രാജ്യമെന്നാൽ പ്രദേശമല്ല, രാജ്യത്തെ ജനങ്ങളാണ് എന്നു പ്രഖ്യാപിച്ചു.

## നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ




## മാതൃകാ ചോദ്യങ്ങൾ

1. ഫ്രഞ്ചു സമൂഹത്തെ കുറിച്ച് കുറിപ്പെഴുതുക.
2. ടെന്നീസ് കോർട്ട് പ്രതിജ്ഞ എടുക്കാനുള്ള സാഹചര്യം വ്യക്തമാക്കുക.
3. ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ?
4. നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ ഏതെല്ലാം?
5. അവസാനമായി നെപ്പോളിയനെ പരാജയപ്പെടുത്തിയ യുദ്ധം - വാട്ടർ ലൂ

## റഷ്യൻ വിപ്ലവം

**റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ**

- സാർ ചക്രവർത്തിമാരുടെ ഏകാധിപത്യം
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിതങ്ങൾ
- തൊഴിലാളി സംഘടനകളുടെ രൂപീകരണം
- റഷ്യ - ജപ്പാൻ യുദ്ധത്തിൽ റഷ്യയുടെ പരാജയം

### ചിന്തകന്മാരുടെ സ്വാധീനം

♦ കാൾ മാർക്സ്, ഫ്രെഡറിക് ഏംഗൽസ്, ലിയോ ടോൾസ്റ്റോയ്, മാക്സിം ഗോർകി, ഇവാൻ തുർഗനോവ് എന്നിവരുടെ ആശയങ്ങൾ പ്രചോദനം നൽകി.

| | |
|---|---|
| കാൾമാർക്സ്<br>ഫ്രെഡറിക് ഏംഗൽസ് | – മാർക്സിസ്റ്റ് ആശയങ്ങൾ ജനങ്ങളെ സ്വാധീനിച്ചു മുതലാളിമാർ നിയന്ത്രിച്ചിരുന്ന ഉല്പാദന വ്യവസ്ഥയ്ക്ക് പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കാൻ ആഹ്വാനം ചെയ്തു. |

### തൊഴിലാളി സംഘടനകളുടെ രൂപീകരണം

**സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി**

- ബോൾഷെവിക്കുകൾ → ലെനിൻ ട്രോട്സ്കി
- മെൻഷെവിക്കുകൾ → അലക്സാണ്ടർ കെറൻസ്കി

### രക്തരൂക്ഷിത ഞായറാഴ്ച

♦ 1905–ൽ നടന്ന റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യക്കേറ്റ പരാജയം പ്രതിസന്ധി രൂക്ഷമാക്കി

♦ രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികൾ പെട്രോഗ്രാഡ് എന്ന സ്ഥലത്ത് 1905 ജനുവരി 9ന് പ്രകടനം നടത്തി.

♦ പ്രകടനത്തിനു നേരെ പട്ടാളം വെടിവെക്കുകയും നൂറുകണക്കിനു തൊഴിലാളികൾ കൊല്ലപ്പെടുകയും ചെയ്തു.

♦ ഈ സംഭവം രക്തരൂക്ഷിത ഞായറാഴ്ച എന്നറിയപ്പെടുന്നു.

## ഫെബ്രുവരി വിപ്ലവം - വിവരിക്കുക

- 1914 ഒന്നാം ലോക യുദ്ധം ആരംഭിച്ചതോടെ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
- 1917 ആയപ്പോഴേക്കും ഭക്ഷ്യദൗർലഭ്യം രൂക്ഷമായി
- 1917 മാർച്ച് 8ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്കുവേണ്ടി പ്രകടനം നടത്തി.
- പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധ പ്രകടനം നടത്തി.
- സൈനികരും തൊഴിലാളികളോടൊപ്പം ചേർന്നു.
- പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു.
- നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൽഷെവിക് നേതാവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു.
- ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.

## ഒക്ടോബർ വിപ്ലവം വിവരിക്കുക

- അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിലുള്ള താൽക്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ ഒരു വിഭാഗം അംഗീകരിച്ചില്ല.
- ഈ സമയം സ്വിറ്റ്സർലൻഡിൽ കഴിയുകയായിരുന്ന ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ ശക്തമായി വിമർശിച്ചു.
- വിപ്ലവം അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധികാരം മുഴുവൻ സോവിയറ്റുകൾക്ക് കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.
- ബോൾഷെവിക്കുകളും സോവിയറ്റുകളും ലെനിനെ പിന്തുണച്ചു.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെ സായുധ കലാപത്തിലൂടെ പരാജയപ്പെടുത്തി.
- തുടർന്ന് കെറൻസ്കി രാജ്യം വിടുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.
- ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

## ബോൾഷെവിക്കുകൾ മുന്നോട്ടുവച്ച ആശയങ്ങൾ

- ഒന്നാം ലോക യുദ്ധത്തിൽ നിന്നു റഷ്യ പിൻമാറുക.
- പ്രഭുക്കൻമാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.
- ഫാക്ടറികൾ ജനങ്ങളുടെ പൊതുസ്വത്താക്കി മാറ്റുക.

## റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ



# പാഠം 2

# സമരവും സ്വാതന്ത്ര്യവും

**ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് കഴിഞ്ഞതിനുള്ള കാരണങ്ങൾ**

- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
- സാധാരണ ജനങ്ങളെപ്പോലെ വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും അവരുടെ ഭാഷയിൽ തന്നെ സംസാരിക്കുകയും ചെയ്തത് ഗാന്ധിജിയെ ജനകീയനാക്കി.
- തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ സാധാരണക്കാർ വിലയിരുത്തി.

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ**

| വർഷം | സമരം | കാരണം | സ്ഥലം |
|---|---|---|---|
| 1917 | ചമ്പാരത്തിലെ നീലം കർഷകരുടെ സമരം | നീലം കർഷകരുടെ പ്രശ്നങ്ങൾ ഉയർന്ന നികുതി | ബീഹാർ |
| 1918 | അഹമ്മദാബാദിലെ തുണിമിൽ സമരം | പ്ലേഗ് ബോണസ്സുമായി ബന്ധപ്പെട്ട് | ഗുജറാത്ത് |
| 1918 | ഖേഡയിലെ കർഷക സമരം | വരൾച്ചയും കൃഷിനാശവും മൂലം ദുരിതത്തിലായ കർഷകരിൽ നിന്നും നികുതി പിരിക്കുന്നത് | ഗുജറാത്ത് |

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ**

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണ ജനങ്ങൾക്ക് പരിചിതമായി
- ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു
- പട്ടണത്തിൽ മാത്രം ഒതുങ്ങിയ ദേശീയ പ്രസ്ഥാനം ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടാക്കി
- എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി

**നിസ്സഹകരണ സമരം**

**ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടത്തിയ ആദ്യ ദേശീയ സമരം.**

നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഇന്ത്യയിലെ ജനങ്ങൾ ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ചതിന് ഉദാഹരണങ്ങൾ

- അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
- വടക്കൻ ആന്ധ്രയിലെ ഗിരിവർഗ്ഗക്കാർ വനനിയമം ലംഘിച്ച് വനത്തിനുള്ളിൽ പ്രവേശിക്കുകയും ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും ചെയ്തു.
- തൊഴിലാളികൾ പണിമുടക്കി

- സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശവസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു.
- വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു.

**നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ബഹിഷ്കരണങ്ങൾ മാത്രമല്ല നിർമ്മാണ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു. ഏതെല്ലാം?**

- ജനങ്ങൾ തദ്ദേശീയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.
- ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിക്കുകയും ഹിന്ദി പ്രചരിപ്പിക്കുകയും ചെയ്തു.
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടത്തി.

**ഖിലാഫത്ത് പ്രസ്ഥാനം**

ഖിലാഫത്ത് പ്രസ്ഥാനം
നേതാക്കൾ

- മൗലാനാ മുഹമ്മദലി
- മൗലാനാ ഷൗക്കത്തലി

**ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലങ്ങൾ എന്തെല്ലാം?**

- ബ്രിട്ടീഷ് വിരുദ്ധവികാരം ഇന്ത്യയുടെ മുക്കിലും മൂലയിലുമെത്തി.
- ഹിന്ദു മുസ്ലിം ഐക്യം ശക്തിപ്പെട്ടു.

**സിവിൽ നിയമ ലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആശയങ്ങൾ**

- ഉപ്പു നികുതി എടുത്തു കളയുക
- രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക
- ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക.
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

**ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ**

- ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിനു മേൽ ചുമത്തുന്ന നികുതിയായിരുന്നു.
- ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
- ഉപ്പിന്റെ വില മൂന്നു മടങ്ങ് വർധിച്ചു.
- ചെറുകിട ഉപ്പുൽപ്പാദകർക്ക് നിരോധനം ഏർപ്പെടുത്തിയത്.
- ഉപ്പ് എല്ലാവരുടെയും അവശ്യവസ്തുവായിരുന്നു.

**ഇന്ത്യയിൽ ഉപ്പ് സത്യാഗ്രഹവുമായി ബന്ധപ്പെട്ട് നടന്ന പ്രാദേശിക സത്യാഗ്രഹങ്ങളുടെ പട്ടിക തയ്യാറാക്കുക.**

| | | |
|---|---|---|
| കേരളം | - | പയ്യന്നൂർ |
| തമിഴ്നാട് | - | വേദാരണ്യം |
| മഹാരാഷ്ട്ര | - | ബോംബെ |
| ബംഗാൾ | - | നവഖാലി |

**ഉപ്പു സത്യാഗ്രഹം - ഫലങ്ങൾ**

- ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണശാലയിലേക്ക് സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ പുറപ്പെട്ട സത്യാഗ്രഹികളെ വളരെ നിഷ്ഠൂരമായ രീതിയിൽ ബ്രിട്ടീഷ് പോലീസ് നേരിട്ടു.
- ഉപ്പുസത്യാഗ്രഹത്തെ തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഗാന്ധിജിയെ അറസ്റ്റ് ചെയ്യുകയും സമരം ക്രൂരമായി അടിച്ചമർത്തുകയും ചെയ്തു.

**ക്വിറ്റ് ഇന്ത്യാ സമരം**

↓

1942

↓

ഇന്ത്യവിടുക

↓

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അവസാന ബഹുജന സമരം

↓

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ആശയമാണ് ഗാന്ധിജി ജനങ്ങൾക്ക് നൽകിയത്

**ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ**

- ഭരണഘടനാപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി
- രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ

**ക്വിറ്റ് ഇന്ത്യാ സമരകാലത്ത് ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ**

- നാട്ടുരാജാക്കൻമാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- സർക്കാർ ജോലിവയ്ക്കാതെ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുക്കണം.
- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവയ്ക്കാൻ വിസ്സമ്മതിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്.
- സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

**ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തിൽ സുഭാഷ്ചന്ദ്രബോസ് വഹിച്ച പങ്ക്**

- ഗാന്ധിയൻ സമരരീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ച ആളായിരുന്നു സുഭാഷ്ചന്ദ്രബോസ്.
- ഫോർവേർഡ് ബ്ലോക്ക് രൂപീകരിച്ചു.
- ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു
- സിംഗപ്പൂരിൽ ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു.

## മാതൃകാ ചോദ്യങ്ങൾ

1. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാമായിരുന്നു?
2. നിസ്സഹകരണ സമരകാലത്ത് ഗാന്ധിജി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം?
3. നിസ്സഹകരണ സമരകാലത്ത് ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ജനങ്ങൾ പാലിച്ചതിന് 3 ഉദാഹരണങ്ങൾ എഴുതുക.
4. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാം?
5. ലാഹോർ കോൺഗ്രസ്സ് കമ്മറ്റിയുടെ അധ്യക്ഷൻ ആരായിരുന്നു - ജവഹർലാൽ നെഹ്രു
6. പൂർണ്ണസ്വരാജ് ഏതു സമ്മേളനത്തിന്റെ പ്രഖ്യാപനമായിരുന്നു - ലാഹോർ സമ്മേളനം
7. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1930 | ക്വിറ്റ് ഇന്ത്യാ സമരം |
| 1929 | നിസ്സഹകരണ പ്രസ്ഥാനം |
| 1920 | ലാഹോർ സമ്മേളനം |
| 1942 | ഉപ്പു സത്യാഗ്രഹം |

# പാഠം 3

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## നാട്ടുരാജ്യങ്ങളുടെ സംയോജനം

- ♦ സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം.
- ♦ നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യൻ യൂണിയനിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്ര രാജ്യമായി നിലകൊള്ളാനോ ഉള്ള അധികാരം നൽകിയ ശേഷമാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്.
- ♦ സർദാർ വല്ലഭായ് പട്ടേൽ, വി.പി. മേനോൻ എന്നിവർ ചേർന്ന് ലയനക്കരാർ തയ്യാറാക്കി.
- ♦ ലയനക്കരാർ പ്രകാരം - പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സർക്കാരിനു നൽകണം.
- ♦ ജനകീയ പ്രതിഷേധങ്ങൾ, ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവ കൊണ്ട് ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ചു ഇന്ത്യൻ യൂണിയനിൽ ചേർന്നു.
- ♦ ലയനക്കരാറിൽ ഒപ്പുവയ്ക്കാൻ വിസ്സമ്മതിച്ച ഹൈദരാബാദ്, കാസ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും പിന്നീട് ഇന്ത്യൻ യൂണിയനിൽ ചേർത്തു.

**ബ്രിട്ടനെ കൂടാതെ ഫ്രാൻസ് പോർട്ടുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾക്കും ഇന്ത്യയിൽ അധീന പ്രദേശങ്ങൾ ഉണ്ടായിരുന്നു. ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ നടത്തി ഫ്രാൻസിന്റെ കീഴിലുള്ള അധീന പ്രദേശങ്ങൾ തിരിച്ചു പിടിച്ചു.**

**സൈനിക നടപടിയിലൂടെ ഇന്ത്യൻ യൂണിയനിൽ ചേർത്ത പ്രദേശങ്ങൾ**

| രാജ്യം | അധിനിവേശപ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | പോണ്ടിച്ചേരി, മാഹി, യാനം, കാരയ്ക്കൽ | 1954 |
| പോർട്ടുഗൽ | ഗോവ, ദാമൻ, ദിയു | 1961 |

## സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

- ♦ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചു.
- ♦ നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽ വന്നു.
  - ☐ ശാസ്ത്ര - വ്യവസായിക ഗവേഷണ സമിതി
  - ☐ ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
  - ☐ ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ♦ ഹോമി ജഹാംഗീർ ഭാഭയുടെ നേതൃത്വത്തിൽ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ എന്നിവ നിലവിൽ വന്നു.
- ♦ ലോകോത്തര നിലവാരമുള്ള എഞ്ചിനീയറിംഗ് വിദ്യാലയങ്ങൾ ആരംഭിച്ചു.
- ♦ അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954 നും 1964 നും ഇടയ്ക്ക് സ്ഥാപിക്കുകയുണ്ടായി.
- ♦ തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എഞ്ചിനീയറിങ്ങ്, ജനിതക ശാസ്ത്രം, ജൈവ സാങ്കേതിക വിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻ നേട്ടം കൈവരിച്ചു.

**സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ**

- 1962 – ൽ നെഹ്റു, വിക്രംസാരാഭായി എന്നിവരുടെ ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായി
- 1969–ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപീകരിച്ചു
- തിരുവനന്തപുരത്തെ തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം സ്ഥാപിതമായി
- 1975–ൽ ആര്യഭട്ട എന്ന ഉപഗ്രഹം ആദ്യമായി വിക്ഷേപിച്ചു
- ഇന്ത്യ വികസിപ്പിച്ചെടുത്ത മിസൈലുകൾ അഗ്നി, പൃഥ്വി
- ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യം – ചന്ദ്രയാൻ 2008 ഒക്ടോബർ 22
- ഇന്ത്യയുടെ ആദ്യത്തെ ചൊവ്വ പര്യവേഷണ ദൗത്യം – മംഗൾയാൻ
- നാഷണൽ റിമോട്ട് സെൻസിങ്ങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി
- ഉപഗ്രഹങ്ങൾ നിർമ്മിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വര രാഷ്ട്രം എന്ന ബഹുമതി

## വിദ്യാഭ്യാസ രംഗം

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് തദ്ദേശീയമായ വിദ്യാഭ്യാസനയം വളർത്തിയെടുക്കാൻ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ രൂപീകരിച്ചു.

### വിദ്യാഭ്യാസ കമ്മീഷനും ലക്ഷ്യങ്ങളും

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവ്വകലാശാല വിദ്യാഭ്യാസം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക<br>• സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (UGC) രൂപീകരിക്കണം |
| ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസം | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം<br>• സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം<br>• വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം<br>• അധ്യാപക പരിശീലന സമിതി രൂപീകരിക്കണം. |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെ പ്പറ്റിയുള്ള നിർദ്ദേശം | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം<br>• മൂല്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

6.




---

**ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ**

- ഇന്ത്യയുടെ വിദേശ നയത്തിന്റെ മുഖ്യശില്പി - ജവഹർലാൽ നെഹ്റു
- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വംശീയ വാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്വങ്ങൾ
- വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
- ചേരി ചേരായ്മ

**പഞ്ചശീല തത്വങ്ങൾ**

1954-ൽ ഇന്ത്യയും ചൈനയും ഒപ്പുവച്ച കരാറാണ് പഞ്ചശീല തത്വങ്ങൾ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻലായു മാണ് കരാറിൽ ഒപ്പുവച്ചത്.




## മാതൃകാ ചോദ്യങ്ങൾ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര പുരോഗതി ലക്ഷ്യമാക്കി ആരംഭിച്ച ഗവേഷണസ്ഥാപനങ്ങൾക്ക് 2 ഉദാഹരണം എഴുതുക.
2. ഇന്ത്യൻ യൂമിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം?
3. നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തെ കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
4. ഫ്രാൻസ്, പോർച്ചുഗൽ എന്നീ രാജ്യങ്ങളുടെ അധീന പ്രദേശങ്ങൾ ഏതെല്ലാം? ഈ പ്രദേശങ്ങൾ ഇന്ത്യയിൽ ചേർക്കപ്പെട്ട വർഷം എഴുതുക.
5. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം?
6. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ബഹിരാകാശ രംഗത്ത് ഇന്ത്യക്കുണ്ടായ പുരോഗതി വിശദമാക്കുക.
7. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ പട്ടികപ്പെടുത്തുക.
8. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

# പാഠം 4

## പൊതുഭരണം

### ഊന്നൽ മേഖലകൾ

- പൊതുഭരണം
- പൊതുഭരണത്തിന്റെ പ്രാധാന്യം
- ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ
- ഇന്ത്യൻ സിവിൽ സർവ്വീസ്
- ഇ - ഗവേണൻസ്

**"പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്"**
**എൻ. ഗ്ലാഡൻ**

### പൊതുഭരണം

- രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു.
- ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണത്തിന്റെ ഭാഗമാണ്.
- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.




### ഉദ്യോഗസ്ഥ വൃന്ദം

- ഗവൺമെന്റിനെ ഭരണത്തിൽ സഹായിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥ സമൂഹത്തിന് രൂപം നൽകിയിരിക്കുന്നു.
- പ്രാദേശിക തലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ചു കിടക്കുന്ന ഒരു ഭരണ സംവിധാനം നയിക്കുന്നു.
- ഈ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നു.
- ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നത് ഉദ്യോഗസ്ഥരിലൂടെയാണ്.
- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നു പറയുന്നു.

4.




## ശ്രേണീപരമായ സംഘാടനം

| | |
|---|---|
| ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ | ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കു വരുന്തോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്. |
| | സ്ഥിരത |
| | ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധി ഉണ്ടായിരിക്കും. |
| | യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം |
| | വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്. |
| | രാഷ്ട്രീയ നിഷ്പക്ഷത |
| | ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാ,്ട്രീയ താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം. |
| | വൈദഗ്ധ്യം |
| | ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവ രായിരിക്കും. |

## ഇന്ത്യൻ സിവിൽ സർവ്വീസ്

കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഇന്ത്യയുടെ സിവിൽ സർവ്വീസിന്റെ ഭാഗമാണ്.

### ഇന്ത്യൻ സിവിൽ സർവീസ്

| | | |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.<br>ഉദാ.<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (I.A.S)<br>• ഇന്ത്യൻ പോലീസ് സർവീസ് (I.P.S) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ.<br>• ഇന്ത്യൻ ഫോറിൻ സർവീസ്<br>• ഇന്ത്യൻ റെയിൽവെ സർവീസ് (I.R.S) | • സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ.<br>• സെയിൽസ് ടാക്സ് ഓഫീസർ |

## ഭരണഘടനാ സ്ഥാപനങ്ങൾ

യു.പി.എസ്.സി യും, പി.എസ്.സി യും ഭരണഘടനാ സ്ഥാപനങ്ങളാണ്

## യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ

- കേന്ദ്രസർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു
- കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

## ഭരണനവീകരണം

ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതയായ ശ്രേണീപരമായ സംഘാടനം ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ കാലതാമസം സൃഷ്ടിക്കാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമായി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെയാണ് ഭരണനവീകരണം എന്ന് പറയുന്നത്. ഇതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഭരണ പരിഷ്കരണ കമ്മീഷനുകളെ നിയമിക്കുന്നു.

## ഭരണനവീകരണം ലക്ഷ്യമാക്കി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

## ഇ- ഗവേർണൻസ്

- ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണ രംഗത്തെ ഉപയോഗമാണ് ഇ - ഗവെർണൻസ്
- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ വിവിധസ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ തുടങ്ങിയവ ഇ-ഗവേർണൻസിന് ഉദാഹരണങ്ങളാണ്.

### ഇ-ഗവേർണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ

- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം
- സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ടതില്ല
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫീസുകളുടെ കാര്യക്ഷമതയും ഗുണമേന്മയും വർധിക്കുന്നു
- കേരളത്തിൽ അക്ഷയ കേന്ദ്രങ്ങളിലൂടെ ഇ - ഗവെർണൻസ് സാധ്യമാക്കുന്നു

## മാതൃകാ ചോദ്യങ്ങൾ

1. പൊതുഭരണം എന്നാൽ എന്ത്?
2. "പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്" ഈ പ്രസ്താവന ആരുടെതാണ്?
3. രാജഭരണകാലത്തെയും ജനാധിപത്യ വ്യവസ്ഥയിലെയും പൊതുഭരണത്തിലുള്ള വ്യത്യാസം എന്ത്?
4. ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന്റെ ഉപജ്ഞാതാവ് ആര്?
5. ഉദ്യോഗസ്ഥവൃന്ദം എന്നാലെന്ത്?
6. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
7. ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?

8. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, പബ്ലിക് സർവീസ് കമ്മീഷൻ എന്നിവയെ താരതമ്യം ചെയ്യുക?

9. ഭരണ നവീകരണം എന്നാൽ എന്ത്?

10. ഇ - ഗവേർണൻസ് എന്നാലെന്ത്?

**പാഠം 5**

**മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ**

**പ്രധാന ആശയങ്ങൾ**

- ♦ മാനവവിഭവം
- ♦ മാനവ വിഭവത്തിന്റെ പ്രാധാന്യം
- ♦ മാനവശേഷി വികസനം - വിവിധ തലങ്ങൾ - സവിശേഷതകൾ
- ♦ മാനവവിഭവം - ഗുണപരമായ സവിശേഷതകൾ
- ♦ വിദ്യാഭ്യാസവും വികസനവും
- ♦ വിദ്യാഭ്യാസവും നൈപുണ്യ വികസനവും
- ♦ ആരോഗ്യ പരിപാലനവും മാനവ വിഭവവും
- ♦ പ്രധാന സ്ഥാപനങ്ങളും സംവിധാനങ്ങളും

**മാനവവിഭവം**

ഉൽപാദനരംഗത്ത് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന അധ്വാന ശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം

**മാനവശേഷി വികസനം**

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, നൈപുണിവികസനം, പരിശീലനം എന്നിവയിലൂടെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കാം

**മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ**

- ♦ വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കുന്നു
- ♦ കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- ♦ വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.



**അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ**

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹിക മൂലധനം

**മാനവശേഷി മെച്ചപ്പെടുത്തുന്നതിന്റെ പ്രയോജനങ്ങൾ**

- തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം
- സാമ്പത്തിക അന്തരം കുറക്കാം
- പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
- മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ ഉപയോഗം സാധ്യമാക്കാം
- സംരംഭകത്വം മെച്ചപ്പെടുത്താം

**വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിന് നമ്മുടെ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ**

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | ♦ 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്ര വികസനം<br>♦ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിപാലനം |
| സമഗ്രശിക്ഷാ അഭിയാൻ (SSA) | ♦ സാർവ്വത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>♦ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>♦ SCERT/DIET തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | ♦ ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക<br>♦ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം (National Skill Development and Monitory Reward Scheme) | ♦ യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുക.<br>♦ തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക |

**വിദ്യാഭ്യാസം രാജ്യവികസനത്തിനും**

- വിദ്യാഭ്യാസത്തിലൂടെ വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു
- സാങ്കേതികവിദ്യ ഉപയോഗിക്കുവാനുള്ള കഴിവ് ലഭിക്കുന്നു
- മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു
- ജീവിത നിലവാരം ഉയരുന്നു
- സാമൂഹ്യക്ഷേമം ഉറപ്പാക്കാം

**ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ**

- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോകുന്നു.
- വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

**വിദ്യാഭ്യാസ അവകാശനിയമം (RTE Act 2009)**

പാസ്സാക്കിയ വർഷം - 2009

ലക്ഷ്യം - എല്ലാവർക്കും പ്രാഥമികവിദ്യാഭ്യാസം

വിദ്യാഭ്യാസം മൗലികാവകാശമാക്കി

**ഇന്ത്യ - സാക്ഷരതാ നിരക്ക്**

| | |
|---|---|
| സ്ത്രീകൾ | 65.46 |
| പുരുഷന്മാർ | 82.14 |
| ആകെ | 74.14 |

**ആരോഗ്യം**

"ശാരീരികമായും മാനസികമായും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം"
ലോകാരോഗ്യ സംഘടനയുടെ (WHO) നിർവചനം

**മികച്ച ആരോഗ്യം ഒരു വ്യക്തിയെ രാജ്യപുരോഗതിയിൽ പങ്കാളിയാവാൻ സഹായിക്കുന്നത് എങ്ങനെ?**

- തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം കാര്യക്ഷമതയും വർദ്ധിക്കുന്നതിനാൽ ഉൽപ്പാദനം കൂടും
- പ്രകൃതിവിഭവങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കാനാവും
- ചികിത്സാച്ചെലവുകൾ കുറക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറക്കാനും കഴിയും
- ഉൽപ്പാദന വർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാവും

**ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ**

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം
- ചികിത്സാ സൗകര്യങ്ങൾ
- വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ
- ആരോഗ്യകരമായ പരിസ്ഥിതി

**ചികിത്സാ രംഗത്ത് വിവിധ തലങ്ങളിലായി സർക്കാർ ഒരുക്കിയ സ്ഥാപനങ്ങൾ**

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

**ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, ദേശീയ നഗരാരോഗ്യമിഷൻ NRHM, NUHM)**

- ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനാണ് ഇവ രണ്ടും പ്രവർത്തിക്കുന്നത്

- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ ഗ്രാമീണമേഖലയിലും ദേശീയ നഗരാരോഗ്യമിഷൻ 50000 ത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വ വൽക്കരിക്കപ്പെട്ടവർക്കും വേണ്ടി പ്രവർത്തിക്കുന്നു.

**ആയുർദൈർഘ്യം**

- ഒരു വ്യക്തി ശരാശരി എത്ര വയസ്സുവരെ ജീവിക്കുന്നു എന്നതാണ് ആയുർദൈർഘ്യം

**ഇന്ത്യയിൽ ആരോഗ്യമേഖലയിൽ നിലവിലുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങൾ**

- അലോപ്പതി
- ആയുർവ്വേദം
- യോഗ
- നേച്ചറോപ്പതി
- യുനാനി
- സിദ്ധ
- ഹോമിയോപ്പതി

**മാതൃകാ ചോദ്യങ്ങൾ**

1. എന്താണ് മാനവവിഭവം?
2. എങ്ങനെയാണ് മാനവശേഷി വികസിപ്പിക്കുക?
3. മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏവ?




4. അധ്വാനശേഷി മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം?
5. മാനവശേഷി മെച്ചപ്പെടുത്തുന്നതിലൂടെ സാമൂഹ്യക്ഷേമം ഉറപ്പാക്കാൻ കഴിയും. മാന വശേഷി മെച്ചപ്പെടുത്തുന്നതിന്റെ മറ്റു പ്രയോജനങ്ങൾ എഴുതുക?
6. വിദ്യാഭ്യാസവും നൈപുണ്യവും മെച്ചപ്പെടുത്തുവാനുള്ള വിവിധ പദ്ധതികൾ ചുവടെ നൽകുന്നു. അവ ഓരോന്നിന്റെയും ലക്ഷ്യങ്ങൾ എഴുതുക?

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| ICDS | |
| SSA | |
| RUSA | |

7. രാജ്യത്തിന്റെ വികസനത്തിന് വിദ്യാഭ്യാസം സഹായകമാകുന്നതെങ്ങനെ?
8. ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെ?
9. ഏത് നിയമത്തിലൂടെയാണ് എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം ഭരണഘടന ഉറപ്പു നൽകുന്നത്?
10. ആരോഗ്യത്തിന് ലോകാരോഗ്യ സംഘടനാ നൽകിയ നിർവ്വചനം എന്താണ്?
11. മികച്ച ആരോഗ്യം ഒരു വ്യക്തിയെ രാജ്യപുരോഗതിയിൽ പങ്കാളിയാവാൻ സഹായിക്കുന്നു വ്യക്തമാക്കുക?
12. ആരോഗ്യ പരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ പട്ടികപ്പെടുത്തുക?
13. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി സർക്കാർ ഒരുക്കിയ സ്ഥാപനങ്ങൾ ഏവ?
14. NRHM, NUHM ഇവ എന്തെന്ന് വ്യക്തമാക്കുക?
15. എന്താണ് ആയുർദൈർഘ്യം?
16. വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും മാനവ വിഭവശേഷിയെ വികസിപ്പിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക?

## പാഠം - 6

## ഋതുഭേദങ്ങളും സമയവും

ഋതുഭേദങ്ങൾ - കാലങ്ങൾ മാറി മാറി വരുന്നതിന് ഋതുഭേദങ്ങൾ എന്നു പറയുന്നു

ഋതുഭേദങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത

### സൂര്യന്റെ അയനം

അച്ചുതണ്ടിന്റെ ചരിവ് പരിക്രമണ വേളയിലുടനീളം ഒരുപോലെ നിലനിർത്തുന്നതിനാൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്കും (23 ½$^0$ വടക്ക്) ദക്ഷിണായന രേഖയ്ക്കും (23 ½$^0$ തെക്ക്) ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു. ഇതിനെ സൂര്യന്റെ അയനം എന്നു വിളിക്കുന്നു.

### സമരാത്ര ദിനങ്ങൾ

പരിക്രമണ വേളയിൽ സൂര്യന്റെ ആപേക്ഷികസ്ഥാനം മധ്യരേഖയ്ക്ക് നേർമുകളിലാകുന്നത് മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിനങ്ങളിലാണ്. ഈ ദിവസങ്ങളിൽ രണ്ട് അർധഗോളങ്ങളിലും, രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും. ഈ ദിനങ്ങളെ സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്നു വിളിക്കുന്നു.

| **ഗ്രീഷ്മ അയനാന്തദിനം**<br>Summer Solastice | **ശൈത്യ അയനാന്തദിനം**<br>Winter Solastice |
|---|---|
| മാർച്ച് 21 മുതൽ മധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്ത് ജൂൺ 21 ന് സൂര്യൻ ഉത്തരായന രേഖയ്ക്ക് (23 ½$^0$ വടക്ക്) നേർമുകളിലെത്തുന്നു. ഈ ദിനത്തെ ഉത്തരാർദ്ധ ഗോളത്തിൽ ഗ്രീഷ്മ അയനാന്ത ദിനം എന്ന് വിളിക്കുന്നു. | സെപ്റ്റംബർ 23 മുതൽ മധ്യരേഖയിൽ നിന്നും തെക്കോട്ട് അയനം തുടരുന്ന സൂര്യൻ ഡിസംബർ 22ന് ദക്ഷിണായന രേഖയ്ക്ക് (23 ½$^0$ തെക്ക്) നേർമുകളിലെത്തുന്നു. ഈ ദിനത്തെ ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്ത ദിനം എന്ന് വിളിക്കുന്നു. |

ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് - വസന്തകാലം (Spring Season)

വേനൽക്കാലത്തിന്റെ തീക്ഷണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് - ഹേമന്തകാലം (autumn season)

### ഭ്രമണം

ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം കറങ്ങുന്നതിനാണ് ഭ്രമണം എന്ന് പറയുന്നത്. (വേണ്ട സമയം 24 മണിക്കൂർ അല്ലെങ്കിൽ ഒരു ദിവസം)

### പരിക്രമണം

ഭൂമി ഭ്രമണത്തോടൊപ്പം ദീർഘ വൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ സൂര്യനെ ചുറ്റിക്കറങ്ങുന്നതാണ് പരിക്രമണം (വേണ്ട സമയം 365 1/4 ദിവസം അല്ലെങ്കിൽ 1 വർഷം

**അധിവർഷം**

നാലു വർഷം കൂടുമ്പോൾ ഒരു വർഷത്തിൽ 366 ദിവസങ്ങളുണ്ടാകും (ഫെബ്രുവരി 29 ദിവസവും) ഇതാണ് അധിവർഷം

## ഋതുക്കൾ

**വസന്തകാലം:-**

♦ മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ വസന്തകാലമായിരിക്കും.

♦ ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണിത്. ചെടികൾ തളിർക്കുന്നതും, പുഷ്പിക്കുന്നതും, മാവു പൂക്കുന്നതും പ്ലാവിൽ ചക്കയുണ്ടാവുന്നതും വസന്തകാലത്തിന്റെ സവിശേഷതയാണ്

**വേനൽക്കാലം:-**

ജൂൺ 21ന് ഉത്തരായനരേഖയിൽനിന്നും അയനം ആരംഭിക്കുന്ന സൂര്യൻ തെക്കോട്ട് അയനം ചെയ്ത് സെപ്റ്റംബർ 23ന് ഭൂമധ്യരേഖയ്ക്ക് നേർമുകളിലെത്തുന്നു. ഈ കാലയളവാണ് ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം.

**ഹേമന്തകാലം:-**

♦ സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലമാണ്.

♦ വേനൽക്കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തകാലം. ഈ കാലത്തിൽ അന്തരീക്ഷ ഊഷ്മളത ഗണ്യമായി കുറയുന്നു. പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.

♦ മരങ്ങൾ പൊതുവെ ഇലപൊഴിക്കുന്ന കാലമാണിത്. വരാനിരിക്കുന്ന ശൈത്യ ത്തെ അതിജീവിക്കാനുള്ള തയ്യാറെടുപ്പാണ് ഈ ഇലപൊഴിക്കൽ.

**ശൈത്യകാലം:-**

ഡിസംബർ 22 ന് ദക്ഷിണായന രേഖയിൽനിന്ന് സൂര്യൻ വടക്കോട്ട് അയനം ആരംഭിച്ച് മാർച്ച് 21ന് ഭൂമധ്യരേഖയിൽ എത്തുന്നു.

| **സൂര്യന്റെഅയനം** | **മാസങ്ങൾ** | **ഋതുക്കൾ ഉത്തരാർദ്ധ ഗോളം** | **ഋതുക്കൾ ദക്ഷിണാർദ്ധഗോളം** |
|---|---|---|---|
| ദക്ഷിണായന രേഖയിൽനിന്ന് ഭൂമധ്യ രേഖയിലേക്ക് | ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ശൈത്യം | ഗ്രീഷ്മം |
| ഭൂമധ്യരേഖയിൽനിന്ന് ഉത്തരായന രേഖയിലേക്ക് | മാർച്ച് 21 മുതൽ ജൂൺ 21 വരെ | വസന്തം | ഹേമന്തം |
| ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ഗ്രീഷ്മം | ശൈത്യം |
| ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | ഹേമന്തം | വസന്തം |

മധ്യ അക്ഷാംശ മേഖലകളിലാണ് (മിതോഷ്ണമേഖല) ഋതുക്കൾ കൃത്യമായി അനുഭവപ്പെടുന്നത്. വർഷം മുഴുവൻ ഉയർന്ന തോതിൽ സൂര്യപ്രകാശം ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല

| ദിനം | സൂര്യന്റെ സ്ഥാനം | ദിനത്തിന്റെ പേര് | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
|---|---|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | സമരാത്ര ദിനം | പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്യം | തുല്യം |
| ജൂൺ 21 | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്തം | ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും | ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും |
| സെപ്തംബർ 23 | ഭൂമധ്യരേഖ | സമരാത്ര ദിനം | പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്യം | തുല്യം |
| ഡിസംബർ 22 | ദക്ഷിണായന രേഖ | ശൈത്യ അയനാന്ത ദിനം | ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും | ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും |

**സൂര്യന്റെ അയനം**




**ഉത്തരായനം**

ശൈത്യ അയനാന്തത്തെ തുടർന്ന് സൂര്യൻ ദക്ഷിണായന രേഖയിൽ നിന്നും ഉത്തരായന രേഖയിലേക്ക് അയനം ആരംഭിച്ച് ജൂൺ 21ന് ഉത്തരായന രേഖയ്ക്ക് നേർമുകളിലെത്തും (ദക്ഷിണായന രേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ 'ഉത്തരായനം' എന്നു പറയുന്നു)

June 21 to December 22
December 22 to June 21

**ദക്ഷിണായനം**

ഗ്രീഷ്മ അയനാന്തത്തെ തുടർന്ന് ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായന രേഖയിലേക്ക് അയനം ആരംഭിക്കുകയും Dec 22 ദക്ഷിണായന രേഖയ്ക്ക് നേർമുകളിലെത്തുകയും ചെയ്യുന്നു. (ഉത്തരായന രേഖയിൽനിന്നും ദക്ഷിണായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ 'ദക്ഷിണായനം' എന്നുപറയുന്നു.

December 22 to June 21
June 21 to December 22

പ്രാദേശിക സമയം എന്നാൽ എന്ത്?

ഒരു പ്രദേശത്തെ സൂര്യന്റെ സ്ഥാനം, സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴൽ എന്നവയെ അടിസ്ഥാനമാക്കിയാണ് ആദ്യകാലങ്ങളിൽ സമയം നിർണയിച്ചിരുന്നത്. തലയ്ക്കു മുകളിലായി സൂര്യൻ എത്തുന്നത് ഉച്ചയ്ക്കു 12 മണിയെന്ന് കണക്കാക്കുന്നു. ഓരോ സ്ഥലത്തും ഇപ്രകാരം സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്നു പറയുന്നത്.

**ഭ്രമണം എന്നാൽ എന്ത്?**

- ഭ്രമണഫലമായി രാത്രിയും പകലും ഉണ്ടാകുന്നു.
- ഭ്രമണം പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്
- ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ എടുക്കുന്നു.
- ഭ്രമണം പടിഞ്ഞാറുനിന്ന് കിഴക്കോട്ടായതിനാൽ സൂര്യോദയം കിഴക്കുനിന്നായിരിക്കും.

| | |
|---|---|
| ഭൂമിയുടെ കോണളവ് | 360 ഡിഗ്രി |
| ഓരോ ഡിഗ്രി കോണളവിലും ഒരു രേഖാംശം വീതം വരച്ചാൽ ആകെയുള്ള രേഖാംശങ്ങൾ | 360 |
| 360 ഡിഗ്രി രേഖാംശങ്ങൾ തിരയാൻ വേണ്ട സമയം | 24 മണിക്കൂർ |
| 24 മണിക്കൂർ മിനിറ്റിലാക്കിയാൽ<br>$360^0$ ഡിഗ്രി തിരിയാൻ വേണ്ട സമയം | (24 x 60)<br>1440 മിനിറ്റ് |
| ഒരു ഡിഗ്രി രേഖാംശ പ്രദേശം തിരിയാൻ ഭൂമിക്ക് വേണ്ട സമയം | 4 മിനിറ്റ് (1440/360) |
| $15^0$ രേഖാംശ പ്രദേശം തിരിയാൻ ഭൂമിക്ക് വേണ്ട സമയം | 60 മിനിറ്റ് - 1 മണിക്കൂർ |

- ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്ന് കിഴക്കോട്ടായതിനാൽ സമയക്കൂടുതൽ കിഴക്കോട്ടും സമയക്കുറവ് പടിഞ്ഞാറോട്ടും ആയിരിക്കും.
- ഒരു നിശ്ചിത രേഖാംശത്തിൽ നിന്ന് കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശത്തിനും സമയം 4 മിനിട്ട് കൂടിയും പടിഞ്ഞാറോട്ട് 4 മിനിട്ട് കുറഞ്ഞും വരുന്നു.

- ഗ്രീനിച്ച് മേഖലയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്ന് പറയുന്നു.
- പൂജ്യം ഡിഗ്രി രേഖാംശ രേഖ - ഗ്രീനിച്ച് രേഖ
- ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതി ചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്തു കൂടി കടന്നുപോകുന്നു. ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എല്ലായിടത്തും സമയം നിർണ്ണയിക്കുന്നത്.
- അന്താരാഷ്ട്ര സമയം

**സ്റ്റാൻഡേർഡ് സമയം എന്നാൽ എന്ത്?**

ലോകത്തിലെ ഓരോ രാജ്യവും ഏറെക്കുറെ മധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു. മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം അഥവാ സ്റ്റാൻഡേർഡ് സമയം.

**ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്നാൽ എന്ത്?**

പൂർവ്വ രേഖാംശം (അതായത് കിഴക്ക്) 69 ഡിഗ്രി മുതൽ 97 ഡിഗ്രി വരെയാണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി രേഖാംശ രേഖാ.

$82½^0$ ഡിഗ്രി പൂർവ്വ രേഖാംശത്തെയാണ് ഇന്ത്യയുടെ രേഖാംശമായി കണക്കാക്കുന്നത്. $82½^0$ E രേഖാംശമായി കണക്കാക്കുന്നത്.

ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.

**അന്താരാഷ്ട്ര ദിനാങ്ക രേഖ**

180 ഡിഗ്രി രേഖാംസം ആണ് അന്താരാഷ്ട്ര ദിനാങ്കരേഖ. ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ അഥവാ ഒരു ദിവസത്തെ സമയ വ്യത്യാസം ഉണ്ടാകുന്നു. ഈ രേഖ മുറിച്ചു കടന്ന് പടിഞ്ഞാറോട്ട് പോകുന്നവർ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കമക്കാക്കുന്നു. പസഫിക് സമുദ്രത്തിലെ ബെറിങ്ങ് കടലിടുക്കിലൂടെ കടന്നുപോകും വിധവും ജനവാസമുള്ള ചില ദ്വീപുകളെ ഒഴിവാക്കിയുമാണ് ഈ രേഖ ക്രമീകരിച്ചിരിക്കുന്നത്.

ഇന്ത്യൻ സമയവും ഗ്രീനിച്ച് സമയവും തമ്മിലുള്ള വ്യത്യാസം?

ഇന്ത്യൻ സമയം = ഗ്രീനിച്ച് സമയം + 5.30 hrs.

ഗ്രീനിച്ച് സമയം =

## പാഠം - 7
## വൈവിധ്യങ്ങളുടെ ഇന്ത്യ

| ഇന്ത്യയുടെ സ്ഥാനം | | |
|---|---|---|
| അക്ഷാംശം | : | $8^0 4^1$ വടക്കുമുതൽ $37^0 6^1$ വടക്കുവരെ |
| രേഖാംശം | : | $68^0 7^1$ കിഴക്കുമുതൽ $97^0 25^1$ കിഴക്കുവരെ |

### ഉത്തരപർവ്വതമേഖല

കാശ്മീരിനു വടക്കു പടിഞ്ഞാറ് മുതൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തി വരെ ഒരു വൻമതിൽ പോലെ നിലകൊള്ളുന്ന പർവ്വത നിരകളെ ഉത്തരപർവത മേഖല എന്നു പറയുന്നു. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് കെ 2 അഥവാ ഗോഡ്‌വിൻ ഓസ്റ്റിൻ (8661 മീറ്റർ ഉയരം) സ്ഥിതി ചെയ്യുന്നത് കാറകോറം നിരകളിലാണ്.
ട്രാൻസ് ഹിമാലയത്തിന്റെ ശരാശരി ഉയരം 8000 മീറ്ററാണ്

**ട്രാൻസ് ഹിമാലയം**
കാറക്കോറം, ലഡാക്, സസ്കർ എന്നീ പർവ്വതനിരകൾ ചേർന്നതാണ് ട്രാൻസ് ഹിമാലയം.

### ഹിമാലയത്തിന്റെ സവിശേഷതകൾ

- ട്രാൻസ് ഹിമാലയത്തിനും കിഴക്കൻ മലനിരകൾക്കുമിടയിൽ സ്ഥിതി ചെയ്യുന്നു.
- ഏകദേശം 2400 കിലോമീറ്റർ നീളം
- ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.
- കാശ്മീർ ഭാഗത്ത് ഏകദേശം 400 കി.മീ വീതിയുള്ളത്. അരുണാചൽ പ്രദേശിൽ 150 കി.മീ ആണ് ഏകദേശ വീതി.
- 5 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തീർണമുണ്ട്.

| ഉത്തരപർവത മേഖലയിലെ വർഗ്ഗീകരണം | | |
|---|---|---|
| **ട്രാൻസ് ഹിമാലയം** | **ഹിമാലയം** | **കിഴക്കൻ മലനിരകൾ** |
| a) കാറകോറം<br>b) ലഡാക്ക്<br>c) സസ്കർ | i) ഹിമാദ്രി<br>ii) ഹിമാചൽ<br>iii) സിവാലിക് | 1) പത്കോയിബും<br>2) നാഗാകുന്നുകൾ<br>3) ഗാരോ, ഖാസി, ജയന്തിയ കുന്നുകൾ<br>4) മിസോകുന്നുകൾ |

## ഹിമാലയം

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര | ഹിമാദ്രിയുടെ തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു | ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു |
| ശരാശരി ഉയരം 6000 മീറ്റർ | ശരാശരി ഉയരം 3000 മീറ്റർ | ശരാശരി ഉയരം 1220 മീറ്റർ |
| ഗംഗ, യമുന എന്നീ നദികളുടെ ഉത്ഭവസ്ഥാനം | ഷിംല, ഡാർജിലിങ്ങ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ ഈ പർവ്വത നിരകളുടെ തെക്കേ ചരിവിലായി സ്ഥിതി ചെയ്യുന്നു | ഹിമാലയൻ നദികൾ ഈ പർവ്വത നിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു |
| 8000 മീറ്ററിനുമുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു (ഉദാ: കാഞ്ചൻ ജംഗ, നന്ദാദേവി) | | നീളമേറിയതും വിസ്തൃതമായ താഴ്വരകൾ കാണപ്പെടുന്നു. ഇവയെ ഡ്യൂണുകൾ എന്ന് വിളിക്കുന്നു. (ഉദാ: ഡെറാഡൂൺ) |

### കിഴക്കൻ മലനിരകൾ

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരമുള്ള ഈ പ്രദേശം പൂർവാചൽ എന്നും അറിയപ്പെടുന്നു. ലോകത്തിലെതന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ ചിറാപുഞ്ചി ഇവിടെയാണ്. ഈ പ്രദേശത്ത് നിബിന്ത്ധമായ ഉഷ്ണമേഖലാ മഴക്കാടുകൾ

### ഹിമവാന്റെ മടിത്തട്ടിലെ ജീവിതം

- മൃഗപരിപാലനം
- ചെമ്മരിയാടുകളെ വളർത്തൽ
- ഉരുളകിഴങ്ങ്, ബാർലി, കുങ്കുമപ്പൂവ്, ആപ്പിൾ, ഓറഞ്ച്, തേയില തുടങ്ങിയവ കൃഷി ചെയ്യുന്നു.
- സുഖവാസ കേന്ദ്രങ്ങൾ. സിലം, ഡാർജലിങ്ങ്, കുളുമണാലി

### ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം

- പുരാതനകാലം മുതൽ തന്നെ വടക്കു പടിഞ്ഞാറു നിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചുപോരുന്നു.
- മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴപെയ്യിക്കുന്നു.
- ശൈത്യകാലത്ത് വടക്കുനിന്ന് വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേയ്ക്കു കടക്കാതെ ചെറുക്കുന്നു.
- വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി.
- നദികളുടെ ഉത്ഭവ പ്രദേശം.

## ഉപദ്വീപീയ പീഠഭൂമിയുടെ സവിശേഷതകൾ എഴുതുക

⇒ **വടക്ക് ആരവല്ലി പർവത നിരകൾക്കും പടിഞ്ഞാറ് പശ്ചിമഘട്ടത്തിനും കിഴക്ക് പൂർവ്വഘട്ടത്തിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമാണ് ഉപദ്വീപീയ പീഠഭൂമി.**

⇒ **മാൾവ പീഠഭൂമി, ചോട്ടാ നാഗ്പൂർ പീഠഭൂമി, ഡക്കാൻ പീഠഭൂമി, കച് ഉപദ്വീപ്, കത്തിയാവാർ ഉപദ്വീപ് എന്നിവ ചേർന്നതാണ് ഉപദ്വീപീയ പീഠഭൂമി.**

### ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം

♦ ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി പശ്ചിമഘട്ടത്തിലെ ആനമുടിയാണ് (2695 മീറ്റർ ഉയരം)

♦ ഉപദ്വീപീയ പീഠഭൂമി ധാതുക്കളുടെ കലവറയാണ്.

♦ ഉപദ്വീപീയ പീഠഭൂമിയുടെ തെക്കുഭാഗമായ ഡക്കാൻ പീഠഭൂമി അനേകം ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഒഴുകിപ്പരന്ന ലാവ തണുത്തുറഞ്ഞു ഉണ്ടായതാണ്.

### ഉപദ്വീപീയ പീഠഭൂമിയിലെ പ്രധാന മണ്ണിനങ്ങൾ

♦ ബസാൾട്ട് എന്ന ആഗ്നേയ ശിലകളാൽ നിർമ്മിതമായ ഈ പീഠഭൂമിയിൽ വ്യാപകമായി കറുത്ത മണ്ണ് കാണപ്പെടുന്നു. കറുത്തമണ്ണിനെ പരുത്തിമണ്ണ് എന്നും കൂടി അറിയപ്പെടുന്നു.

♦ ഉപദ്വീപീയ പീഠഭൂമിയിൽ ഇരുമ്പിന്റെ അംശം ധാരാളമുള്ള ചെമ്മണ്ണും കാണപ്പെടുന്നു.

♦ മൺസൂൺ മഴയും ഇടവിട്ടുള്ള വേനലും മാറി മാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലാറ്ററൈറ്റ് മണ്ണും കാണപ്പെടുന്നു.

## ഉപദ്വീപീയ നദികൾ

### സവിശേഷതകൾ:-

⇒ ഉപദ്വീപീയ പീഠഭൂമിയിലെ ഉയർന്ന പ്രദേശങ്ങളിൽനിന്നുൽഭവിക്കുന്ന നദികളാണ് ഉപദ്വീപീയ നദികൾ. പൂർണ്ണമായും മഴയെ ആശ്രയിച്ചു ഒഴുകുന്ന നദികളാണ്.

♦ ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദിയാണ് ഗോദാവരി

♦ ഉപദ്വീപീയ നദികളിൽ വെള്ളച്ചാട്ടങ്ങൾ സാധാരണമാണ്.

♦ കർണാടകത്തിലെ ശരാവതി നദിയിലുള്ള ജോഗ് ഫാൾസ് ആണ് ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ വെള്ളച്ചാട്ടം.

♦ കിഴക്കോട്ടൊഴുകുന്നവ - മഹാനദി, കൃഷ്ണ, ഗോദാവരി, കാവേരി

♦ ഉപദ്വീപീയ നദികളിൽ പടിഞ്ഞാറോട്ടൊഴുകുന്നവ - നർമ്മദ, താപ്തി

## ഹിമാലയൻ നദികൾ - ഉപദ്വീപിയ നദികൾ താരതമ്യം ചെയ്യുക

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയൻ പർവ്വതനിരകളിൽ നിന്നും ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| ഉയർന്ന ജലസേചന ശേഷി | കുറഞ്ഞ ജലസേചന ശേഷി |
| ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യം | താരതമ്യേന കുറവ് |
| കൂടുതൽ അപരദന തീവ്രത. | അപരദന തീവ്രത കുറവ് |

## ഉപദ്വീപിയ പീഠഭൂമിയിലെ പ്രധാന തൊഴിൽ മേഖലകൾ

- കൃഷി, ഖനനം, ധാതു അധിഷ്ഠിത വ്യവസായങ്ങൾ - പ്രധാന തൊഴിൽ മേഖലകൾ
- പരുത്തി, പയറുവർഗ്ഗങ്ങൾ, നിലക്കടല, കരിമ്പ്, ചോളം, റാഗി, മുളക് - പ്രധാന കാർഷിക വിളകൾ
- ഇരുമ്പയിര്, കൽക്കരി, മാംഗനിസ്, ബോക്സൈറ്റ്, ചുണ്ണാമ്പുകല്ല് - പ്രധാന ധാതു വിഭവങ്ങൾ

## തീരസമതലങ്ങൾ

- പടിഞ്ഞാറൻ തീരസമതലം
- കിഴക്കൻ തീരസമതലം

## പടിഞ്ഞാറൻ തീരസമതലം

- അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ സ്ഥിതിചെയ്യുന്നു.
- റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ
- വീതി കുറവ്
- ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ മൂന്നായിത്തിരിക്കാം.
- കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.

## കിഴക്കൻ തീരസമതലം

ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ സ്ഥിതി ചെയ്യുന്നു.

സുന്ദര വനപ്രദേശം മുതൽ കന്യാകുമാരി വരെ നീളം

വീതി താരതമ്യേന കൂടുതൽ

കോറമാൻഡൽ തീരം. വടക്കൻ സർകാർസ് തീരം എന്നിങ്ങനെ രണ്ടായിത്തിരിക്കാം.

ഡെൽറ്റകൾ രൂപീകരിക്കുന്നു.

## മാതൃകാ ചോദ്യങ്ങൾ

1. കാരക്കോറം നിരയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി?
   (A മൗണ്ട് K2, B മൗണ്ട് എവറസ്റ്റ്, B മൗണ്ട് K5)
2. താഴെ പറയുന്നവയിൽ കിഴക്കൻ മലനിരകളിൽ പെടാത്തത് ഏത്?
   (A ഖാസി K2, B പാഥ്കൈബും C, സത്പുര)
3. ഗംഗയുടെ പോഷകനദി
   (A തീസ്ത, B ചിനാബ്, C യമുന)
4. പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിയിൽ നി്ന്നും ഉൽഭവിക്കുന്ന നദി
   (A മഹാനദി, B നർമ്മദ, C കാവേരി)
5. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തുക.
   (A കിഴക്കൻ തീരാ സമതലം ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനും ഇടയിലാണ്, B സുന്ദരവണ പ്രദേശം മുതൽ കന്യാകുമാരി വരെയാണ് കിഴക്കൻ തീരാ സമതലം, C അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിലാണ് കിഴക്കൻ തീരാ സമതലം)

6. ഉത്തര പർവ്വത മേഖലയുടെ 3 പ്രാധാന്യം എഴുതുക
7. ഡക്കാൻ പീഠഭൂമിയുടെ സവിശേഷതകൾ എഴുതുക
8. തീരസമതലത്തിലെ ജീവിതത്തെക്കുറിച്ചു ലഘു കുറിപ്പ് തയ്യാറാക്കുക.
9. ഹിമാലയൻ നദികളും ഉപദ്വീപിയ നദികളും താരതമ്യം ചെയ്യുക.
10. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക (A ഖാസി കുന്ന്, B താപ്തി നദി, C ആരവല്ലി, D ചോട്ടാ നാഗപ്പൂർ പീഠഭൂമി)







ആരവല്ലി പർവതനിര
വിന്ധ്യാ നിരകൾ
സത്പുര നിരകൾ
പശ്ചിമഘട്ടം
പൂർവഘട്ടം


മാൾവാ പീഠഭൂമി
കച്ച് ഉപദ്വീപ്
കത്തിയവാർ
ഡക്കാൻ പീഠഭൂമി




**ഉപദ്വീപിയൻ നദികൾ ഏതെല്ലാം?**

| നദി | ഉത്ഭവ സ്ഥാനം | നീളം | പോഷക നദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| മഹാനദി | മൈക്കലാ നിരകൾ (ഛത്തീസ് ഗഡ്) | 857 കി.മീ | ഇബ്, ടെൽ | മധ്യപ്രദേശ് ഒഡീഷ, ഛത്തീസ്ഗഡ് | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമ ഘട്ടം (നാസിക് ജില്ല, മഹാരാഷ്ട്ര | 1495 കി.മീ | ഇന്ദ്രാവതി ശബരി | ഛത്തീസ്ഗഡ് മഹാരാഷ്ട്ര തെലുങ്കാന ആന്ധ്രാപ്രദേശ് കർണ്ണാടക | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം (മഹാബലേശ്വർ- മഹാരാഷ്ട്ര) | 1400 കി.മീ | ഭീമ തുംഗഭദ്ര | മഹാരാഷ്ട്ര കർണ്ണാടക തെലുങ്കാന ആന്ധ്രാപ്രദേശ് | ബംഗാൾ ഉൾക്കടൽ |
| കാവേരി | ബ്രഹ്മഗിരി കുന്നുകൾ (പശ്ചിമഘട്ടം - കർണ്ണാടക) | 800 കി.മീ | കബനി അമരാവതി | കർണ്ണാടക തമിഴ്നാട് | ബഗാൾ ഉൾക്കടൽ |
| നർമ്മദ | മൈക്കലാ നിരകൾ (മധ്യപ്രദേശ്) | 1312 കി.മീ | ഹിരൺ ബൻജൻ | മധ്യപ്രദേശ് മഹാരാഷ്ട്ര ഗുജറാത്ത് | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി (മഹാരാഷ്ട്ര) | 724 കി.മീ | ആഗർ ഗിർന | മധ്യപ്രദേശ് മഹാരാഷ്ട്ര ഗുജറാത്ത് | അറബിക്കടൽ |